"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - പുനർഗേഹം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ (ഫേസ് ll) നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന 100 ഫ്ലാറ്റുകളുടെ വൈദ്യുതീകരണ പ്രവൃത്തിക്കായി ഘടക ചെലവ് പരിഷ്കരിച്ചും അതനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.106/2024/F&P തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.300/2021/മ.തു.വ. തീയതി 15.06.2021
2. സ.ഉ. (സാധാ)നം.300/2022/മ.തു.വ. തീയതി 17.05.2022
3. സ.ഉ. (സാധാ)നം.657/2022/F&P തീയതി 21.10.2022
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ 10/10/2023-ലെ ഇ2/100359/2023/സി.ഇ നമ്പർ കത്ത്.
5. ഫിഷറീസ് ഡയറക്ടറുടെ 23/12/2023-ലെ ഡി.എഫ്.ടി.വി.എം/1113/2022- എസ്1 പി.ഐ.യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനർഗേഹം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ പൊന്നാനി ഫേസ് ll ആയി 100 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന്, DSR 2018 നിലവിൽ വന്നതിനാൽ 13.6 കോടി രൂപയായി ഭരണാനുമതി പുതുക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. GST നിരക്ക് 18% ആയി വർധിപ്പിച്ചതിനെ തുടർന്ന് ഭരണാനുമതി 14.33 കോടി രൂപയായി പരിഷ്കരിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) പ്രവൃത്തി നിർവ്വഹിക്കുന്നതിനായി 14.33 കോടി രൂപയുടെ സാങ്കേതിക അനുമതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിരുന്നതായി ഫിഷറീസ് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാങ്കേതികാനുമതിയിൽ വൈദ്യുതീകരണ പ്രവർത്തിക്കായി 43.00 ലക്ഷം രൂപയും കെ.എസ്.ഇ.ബി-യിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ഫീസായി 24.00 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി നിലവിൽ കെ.എസ്.ഇ.ബി ചാർജ്ജ് ഉൾപ്പെടാതെ 140 ലക്ഷം രൂപയുടെ ചെലവ് വരുമെന്നും പ്രസ്തുത 140 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി

ലഭ്യമാക്കേണ്ടതുണ്ട് എന്നും മരാമത്ത് പ്രവൃത്തിക്കുള്ള കരാർ പ്രകാരം 2.5 കോടി രൂപയുടെ നീക്കിയിരിപ്പുള്ളതായി കാണുന്നതിനാൽ വൈദ്യുതീകരണ പ്രവൃത്തിക്കായി നീക്കിയിരുപ്പ് തുകയിൽ നിന്നും 140 ലക്ഷം രൂപ അനുവദിച്ച് നൽകി സാങ്കേതികാനുമതി നൽകുന്നതിന് അനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളതായും ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സാങ്കേതികാനുമതി പരിഷ്കരിച്ച് നൽകേണ്ടത് തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായതിനാലും ഭരണാനുമതി തുകയിൽ ആവശ്യത്തിന് നീക്കിയിരുപ്പ് ഉള്ളതിനാലും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും പരിഗണിച്ച് ഘടക ചെലവ് പരിഷ്കരണം ഉത്തരവും (Component Price Revision) അപ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള അനുമതിയും നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ (ഫേസ് II) നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന 100 ഫ്ലാറ്റുകളുടെ വൈദ്യുതീകരണ പ്രവൃത്തിക്ക് 140 ലക്ഷം രൂപയുടെ ഘടക ചെലവ് പരിഷ്കരിച്ചും (Component Price Revision) അതനുസരിച്ച് ചുവടെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സാങ്കേതികാനുമതി നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

1. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്ന അളവുകളുടെ കൃത്യത ടെക്നിക്കൽ സാങ്ഷൻ അതോറിറ്റി ഉറപ്പാക്കേണ്ടതാണ്.
2. എൽ എസ് ആയി കാണിച്ചിട്ടുള്ള 46 ലക്ഷം രൂപക്ക് കെ എസ് ഇ ബി യിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങേണ്ടതാണ്.
3. എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികൾ വിഭാവനം ചെയ്ത ആവശ്യകതകൾ നിറവേറ്റുന്നുവെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ഉറപ്പാക്കണം. കൂടാതെ, നിർദ്ദിഷ്ട വർക്കുകളുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം കണ്ടെത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തലത്തിൽ ശരിയായ സംവിധാനം ഉണ്ടായിരിക്കണം.
4. ഡി.എസ്.ആറിൽ സ്റ്റാൻഡേർഡ് ഡാറ്റ ലഭ്യമല്ലാത്ത ഇനങ്ങൾക്ക് മാത്രമേ ഒബ്സർവ്ഡ് ഡാറ്റകൾ നൽകിയിട്ടുള്ളൂ എന്ന് ടി.എസ് അതോറിറ്റി ഉറപ്പാക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (14/02/2024-ലെ 2661346/WCD-2/7/2024-FIN നമ്പർ കുറിപ്പ് പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sabitha Sadasivan**
സെക്ഷൻ ഓഫീസർ
**Date: 16-02-2024 16:44:32**
**Reason: Approved**